# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പൗര കേന്ദ്രീകൃത ഭരണത്തിനായുള്ള രാജ്യത്തിന്റെ പ്രതിബദ്ധത ഉറപ്പാക്കുന്നതാണ് 2025ലെ വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ കരട് ചട്ടങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says that the Draft Digital Personal Data Protection Rules, 2025, prioritize India's commitment to citizen-centric governance.

2. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിച്ചു. ഫെബ്രുവരി അഞ്ചിന് വോട്ടെടുപ്പും എട്ടിന് വോട്ടെണ്ണലും നടക്കും.

   Delhi assembly election dates announced. Voting will be held on February 5 and counting will be held on February8.

3. തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ, സൈബർ സുരക്ഷ, പ്രതിരോധം, സമുദ്ര സുരക്ഷ തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ ഇന്ത്യയും മലേഷ്യയും തമ്മിൽ ധാരണയായി.

India and Malaysia have agreed to enhance cooperation in areas such as counter-terrorism, cyber security, defense and maritime security.

4. 63-ാമത് കേരളാ സ്കൂൾ കലോത്സവം നാളെ സമാപിക്കും. നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് തിരുവനന്തപുരത്ത് തുടക്കമായി.

The 63rd Kerala School Kalolsavam will conclude tomorrow. The KLA International Book Festival has begun in Thiruvananthapuram.

5. നേപ്പാൾ ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 95 ആയി. 130 പേർക്ക് പരിക്കേറ്റു.

The death toll in the Nepal earthquake has reached 95. 130 people were injured.

&&&&&&&&&&&&&&&&&&

## PM - DATA PROTECTION

പൗര കേന്ദ്രീകൃത ഭരണത്തിനായുള്ള രാജ്യത്തിന്റെ പ്രതിബദ്ധത ഉറപ്പാക്കുന്നതാണ് 2025ലെ വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ കരട് ചട്ടങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വളർച്ച ഉറപ്പാക്കുന്നതിനൊപ്പം പൗരന്മാരുടെ ഡിജിറ്റൽ വ്യക്തിഗത ഡാറ്റ സംരക്ഷിക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധതയുടെ തെളിവാണ് കരട് നിയമങ്ങൾ എന്നും പ്രധാനമന്ത്രി വ്യക്തമാക്കി. വിവരസാങ്കേതിക മന്ത്രാലയമാണ് ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ

റൂൾസിൻ്റെ കരട് പുറത്തിറക്കിയത്. MyGov പ്ലാറ്റ്ഫോം വഴി അടുത്ത മാസം 18 വരെ പൊതുജനങ്ങൾക്ക് കരട് നിയമങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**DELHI-ELECTION**

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിച്ചു. ഫെബ്രുവരി അഞ്ചിന് വോട്ടെടുപ്പും എട്ടിന് വോട്ടെണ്ണലും നടക്കും. 70 അംഗ നിയമസഭയിലേക്ക് ഒറ്റ ഘട്ടമായാണ് തിരഞ്ഞെടുപ്പ് . മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ്കുമാർ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിലാണ് തീയതികൾ പ്രഖ്യാപിച്ചത്. ഈ മാസം 10ന് വിജ്ഞാപനം പുറപ്പെടുവിക്കും. നാമനിദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തിയ്യതി ഈ മാസം 17 ആണ്.

&&&&&&&&&&&&&&&&&&

**ELECTION COMMISSION-EVM-INTRO**

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിൽ കൃത്രിമം കാണിച്ചെന്ന ആരോപണങ്ങൾ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ നിഷേധിച്ചു. വോട്ടിംഗ് യന്ത്രങ്ങൾ പിഴവുകളില്ലാത്ത ഉപകരണങ്ങളാണെന്നും

വോട്ടർമാരുടെ കണക്കുകൾ മാറ്റുക അസാധ്യമാണെന്നും അദ്ദേഹം ആവർത്തിച്ചു.

**(ഹോൾഡ് വോയിസ്)**

&&&&&&&&&&&&&&&&&&

## OMAN - PRAVASI

18 - മത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾ നാളെ ഒഡീഷയിൽ ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. 50 രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി ഇന്ത്യൻ പ്രതിനിധികൾ മൂന്ന് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും. 1915-ൽ മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയതിൻ്റെ സ്മരണക്കായാണ് എല്ലാവർഷവും ജനുവരി 9 പ്രവാസി ഭാരതീയ ദിവസ് ആയി ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&&

## INDIA-MALAYSIA DIALOGUE

തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ, സൈബർ സുരക്ഷ, പ്രതിരോധം, സമുദ്ര സുരക്ഷ തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ ഇന്ത്യയും മലേഷ്യയും തമ്മിൽ ധാരണയായി. നിർണായക ധാതുക്കൾ, റെയർ എർത്ത് മൂലകങ്ങൾ എന്നിവയിൽ സഹകരണം വർദ്ധിപ്പിക്കാനും ന്യൂഡൽഹിയിൽ ചേർന്ന

ഇന്ത്യ- മലേഷ്യ സുരക്ഷാ സംഭാഷണത്തിൽ തീരുമാനമായി. ആഗോള പ്രാദേശിക സുരക്ഷാ വിഷയങ്ങളും ചർച്ചയായി.

&&&&&&&&&&&&&&&&&&

## LUCKNOW RAJNATH SINGH

വിവേചനബുദ്ധിയോടെ ശരിയായത് തിരഞ്ഞെടുക്കാനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിൽ അധ്യാപകരുടെ പങ്ക് സുപ്രധാനമാണെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. വരും തലമുറയുടെ ഭാവി നിശ്ചയിക്കുന്നത്തിൽ നിർണ്ണായക സ്വാധീനമുള്ളതിനാൽ രാഷ്ട്രത്തിൻ്റെ ഭാവി കെട്ടിപ്പടുക്കാനുള്ള ഉത്തരവാദിത്തം അധ്യാപകർക്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആഗ്രയിൽ അധ്യാപക സമ്മേളനം ഉദ്ഘാടനം ചെയ്യവെയാണ് കേന്ദ്ര മന്ത്രി ഇക്കാര്യം പറഞ്ഞത്.

&&&&&&&&&&&&&&&&&&

## MANDAVIYA-eSHRAM

അസംഘടിത തൊഴിലാളികൾക്കായുള്ള ഇ-ശ്രം പോർട്ടലിൽ ദിവസേന രജിസ്റ്റർ ചെയ്യുന്നവരുടെ ശരാശരി എണ്ണം 30,000 കടന്നതായി കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ. പോർട്ടലിൻ്റെ ബഹുഭാഷാപതിപ്പ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. പോർട്ടലിൽ രജിസ്റ്റർ

ചെയ്യുന്നവർക്ക് കേന്ദ്ര സർക്കാരിൻ്റെ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെയും, സംരംഭങ്ങളുടെയും നേട്ടം ലഭ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## NEPAL TIBET EARTHQUAKE

നേപ്പാൾ - ടിബറ്റൻ അതിർത്തിയിലുണ്ടായ ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 95 ആയി. 130 പേർക്ക് പരിക്കേറ്റു. റിക്ടർ സ്കെയിലിൽ 7.1 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂചലനമാണ് ഇന്ന് രാവിലെ ഉണ്ടായത്. നേപ്പാൾ അതിർത്തിയോട് ചേർന്ന് സിസാങ്ങിൽ 10 കിലോമീറ്റർ ആഴത്തിലാണ് ഭൂചലനത്തിൻ്റെ പ്രഭവകേന്ദ്രം. ഇന്ത്യയിലെ ബീഹാർ, പശ്ചിമ ബംഗാൾ, സിക്കിം എന്നിവിടങ്ങലും ഭൂകമ്പത്തിൻ്റെ പ്രകമ്പനം അനുഭവപ്പെട്ടു.

&&&&&&&&&&&&&&&&&&

## SCHOOL KALOLSAVAM

തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് കേരള സ്കൂൾ കലോത്സവത്തിന് നാളെ തിരശീല വീഴും. വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങ് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര നടൻ ടൊവിനോ തോമസ് മുഖ്യാതിഥിയാകും. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ എല്ലാ

സ്കൂളുകൾക്കും നാളെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കലോത്സവത്തിൽ കണ്ണൂർ, തൃശ്ശൂർ, പാലക്കാട് ജില്ലകൾ മുന്നിൽ.

&&&&&&&&&&&&&&&&&&

## BOOK FARE

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. നിയമസഭാ മന്ദിരത്തിൽ ഈ മാസം 13 വരെ നടക്കുന്ന മേളയിൽ 150 ലധികം ദേശീയ അന്തർ ദേശീയ പ്രസാധകർ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## AMIT-BHARATPOL (INTRO)

സിബിഐ വികസിപ്പിച്ച ഭാരത്പോൾ പോർട്ടൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കി. കുറ്റാന്വേഷണവും, കുറ്റവാളികളുടെ കൈമാറ്റവുമായി ബന്ധപ്പെട്ട റെഡ് നോട്ടീസുകളും മറ്റ് INTERPOL അറിയിപ്പുകളും ഉൾപ്പെടെ INTERPOL വഴിയുള്ള എല്ലാ അന്താരാഷ്ട്ര സഹായ അഭ്യർത്ഥനകളും BHARATPOL പോർട്ടൽ കാര്യക്ഷമമാക്കും. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദേശത്തുള്ള ക്രിമിനലുകളെ തിരികെ

എത്തിക്കാൻ സാധിക്കുമെന്ന് കേന്ദ്ര മന്ത്രി അഭിപ്രായപ്പെട്ടു. 195 രാജ്യങ്ങളിലെ അന്വേഷണ ഏജൻസികളുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ഭാരത് പോൾ സഹായകമാകുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

മയക്കുമരുന്ന് കടത്ത്, ആയുധക്കടത്ത്, തീവ്രവാദ പ്രവർത്തനങ്ങൾ, മനുഷ്യക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പുതിയ സംവിധാനം സഹായിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി പറഞ്ഞു.

ചടങ്ങിൽ 35 സിബിഐ ഉദ്യോഗസ്ഥർക്ക് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകളും അന്വേഷണത്തിലെ മികവിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ മെഡലും ശ്രീ അമിത് ഷാ സമ്മാനിച്ചു.

&&&&&&&&&&&&&&&&&&

## TN-RAIDS

തമിഴ് നാട് മുൻ മുഖ്യമന്ത്രിയും എ.ഐ.എ.ഡി.എം.കെ. ജനറൽ സെക്രട്ടറിയുമായ എടപ്പാടി പളനിസാമിയുടെ ബന്ധുക്കളുടെ ഓഫീസുകളിലും വസതികളിലും ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ റെയ്ഡ് നടത്തി.

ചെന്നൈ, ഈറോഡ്, കോയമ്പത്തൂർ, ബെംഗളൂരു എന്നിവിടങ്ങളിലെ 25 സ്ഥലങ്ങളിലാണ് റെയ്ഡ് നടന്നത്.

&&&&&&&&&&&&&&&&&&

## DAY VAISHNAW – CALENDAR LAUNCH

കേന്ദ്രസർക്കാരിൻ്റെ ഔദ്യോഗിക കാലണ്ടർ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് റെയിൽ ഭവനിൽ പുറത്തിറക്കി. പൊതുജന പങ്കാളിത്തത്തിലൂടെ പൊതുജനക്ഷേമം എന്നതാണ് ഈ വർഷത്തെ കലണ്ടറിൻ്റെ പ്രമേയം. എല്ലാവർക്കുമൊപ്പം, എല്ലാവരുടെയും വികസനം എന്ന സർക്കാരിൻ്റെ ലക്ഷ്യം മുൻ നിർത്തിയുള്ളതാണ് കാലണ്ടർ എന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകനും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## GADKARI MEETING:ROAD TRANSPORT

സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും ഗതാഗത മന്ത്രിമാരുടെ യോഗം ഡൽഹിയിൽ ചേർന്നു. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അധ്യക്ഷത വഹിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് യോഗം സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 234 പോയിൻറ് ഉയർന്ന് 78,199-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 92 നേട്ടത്തിൽ 23,708-ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&

## FIRST ADVANCE ESTIMATES- GDP

2024-25 സാമ്പത്തിക വർഷത്തെ മൊത്ത ആഭ്യന്തര ഉത്പാദനം 6.4 ശതമാനമായിരിക്കുമെന്ന് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം. മന്ത്രാലയത്തിന് കീഴിലെ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പുറത്തിറക്കിയ നടപ്പുവർഷത്തെ ജിഡിപി വളർച്ചനിരക്ക് സംബന്ധിച്ച ആദ്യ അനുമാനക്കണക്കുകളിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

&&&&&&&&&&&&&&&&&&

## CENTRE - BHARATIYA NAGARIK SURAKSHA

ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, 2023 ലെ സെക്ഷൻ 479 ലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ. വിചാരണ തടവുകാരുടെ എണ്ണം കുറയ്ക്കാൻ ലക്ഷ്യമിട്ടാണ് നടപടി. പുതിയ നിയമം അനുസരിച്ച്, ആദ്യ തവണ കുറ്റവാളികളാകുന്നരെ പരമാവധി തടവുശിക്ഷയുടെ

മൂന്നിലൊന്ന് ശിക്ഷ അനുഭവിച്ച ശേഷം ഉപാധികളോടെ മോചിപ്പിക്കാം.

&&&&&&&&&&&&&&&&&&

## INDUSFOOD 2025

ഫാം ടു ഫോർക്ക് വ്യാവസായിക പ്രദർശനം, ഇൻഡസ് ഫുഡ് 2025 എട്ടാം പതിപ്പിന് നാളെ ഡൽഹിയിൽ തുടക്കമാകും. കേന്ദ്ര മന്ത്രി ചിരാഗ് പാസ്വാൻ ഉദ്ഘാടനം ചെയ്യും. 30 രാജ്യങ്ങളിൽ നിന്നും 2,300 ഓളം പേർ പ്രദർശനത്തിൽ പങ്കെടുക്കും. 7,500 ഓളം അന്താരാഷ്ട്ര വ്യാപാരികളും 15,000 ഇന്ത്യൻ വ്യാപാരികളും മേളയുടെ ഭാഗമാകും.

&&&&&&&&&&&&&&&&&&

## I S L

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ നാളെ എഫ്സി ഗോവ ഹൈദരാബാദ് എഫ്സിയെ നേരിടും. ഗോവയിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

## FARMER-SHIVRAJ

കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാനുമായി ഡൽഹിയിലെ കർഷകർ കൂടിക്കാഴ്ച നടത്തി. കേന്ദ്ര പദ്ധതികളുടെ ഗുണഫലങ്ങൾ കർഷകർക്ക് ലഭ്യമാകുന്നു എന്ന്

ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&